"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

കൃഷി വകുപ്പ്-ജീവനക്കാര്യം-കൃഷി അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിന്നും കൃഷി അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് വകുപ്പു തല പരീക്ഷ വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി (ഇ എ) വകുപ്പ്

സ.ഉ.(അച്ചടി) നം.18/2023/AGRI തീയതി,തിരുവനന്തപുരം, 25-10-2023

---

പരാമർശം:- 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/03/2023 ലെ ADFW/1895/2023-SE2 നം. കത്ത്.

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 18-02-2012 തീയതിയിലെ TP(5) 43719/11, 03/07/2018 ലെ TP(5)28112/18 നമ്പർ സർക്കുലറുകൾ.

## ഉത്തരവ്

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിലേക്ക് പി.എസ്.സി മുഖേന നേരിട്ടും തസ്തികമാറ്റം വഴിയും നിയമനത്തിനു വ്യവസ്ഥയുണ്ട്. കൃഷി അസിസ്റ്റന്റ് ഗ്രേഡ്-I, അസിസ്റ്റന്റ് കൃഷി ഓഫീസർ, എന്നീ തസ്തികകളാണ് പ്രസ്തുത തസ്തികയുടെ റെഗുലർ (റേഷ്യോ) പ്രൊമോഷൻ തസ്തികകളായി വരുന്നത്. പ്രസ്തുത തസ്തികകളുടെ അനുപാതം 5:3:2 ആണ്. നിലവിൽ എൻട്രി തസ്തികയായ കൃഷി അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികയിൽ നിന്ന് കൃഷി അസിസ്റ്റന്റ് ഗ്രേഡ്-I, അസിസ്റ്റന്റ് കൃഷി ഓഫീസർ, എന്നീ തസ്തികകളിലേക്ക് റേഷ്യോ പ്രൊമോഷൻ നൽകുന്നതിനു മറ്റു അധിക യോഗ്യതകൾ/ടെസ്റ്റുകൾ പാസ്സാവാണമെന്ന് വ്യവസ്ഥയില്ല.

2) കൃഷി വകുപ്പിലെ കൃഷി അസിസ്റ്റന്റുമാരുടെ ചുമതലകൾ വ്യക്തമാക്കിയിരിക്കുന്ന പരാമർശം (2) സർക്കുലറുകൾ പ്രകാരം കൃഷി അസിസ്റ്റന്റുമാർ കർഷകർക്ക് നൽകുന്ന സേവനങ്ങൾ കൂടാതെ ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഓഫീസ് നടപടിക്രമങ്ങൾ കൂടി

നിർവ്വഹിക്കേണ്ടതുണ്ട്.

i) ട്രഷറി/ബാങ്ക് ഇടപാടുകൾ

ii) ക്യാഷ് ബുക്ക്, സെക്യൂരിറ്റി രജിസ്റ്ററുകൾ, സ്റ്റാമ്പ് അക്കൗണ്ട്, TR5, CL രജിസ്റ്റർ, പേ ബിൽ രജിസ്റ്റർ, റസീപ്റ്റ്സ്, പേയ്മെന്റ്സ് തുടങ്ങിയവ കൈകാര്യം ചെയ്യുന്നത്

iii) സ്റ്റോക്കുകളുടേയും സ്റ്റോറുകളുടേയും കസ്റ്റോഡിയൻ, അക്കൗണ്ടുകളുടെ പരിപാലനം

iv) സ്ഥാപനത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം കൈകാര്യം ചെയ്യുന്നതും ക്ലെയിമുകൾ തയ്യാറാക്കലും

v) കൃഷിഭവനിലെ രജിസ്റ്ററുകൾ, ഫയലുകൾ, മറ്റ് റെക്കോർഡുകൾ എന്നിവയുടെ സംരക്ഷകത്വം

vi) കൃഷി ഓഫീസർ അനുവദിച്ച സഹായത്തിന്റെ വിതരണവും ബന്ധപ്പെട്ട രേഖകളുടെ പരിപാലനവും.

3) ടി ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിനും സർക്കാർ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനും സർക്കാരിലെ നടപടി ക്രമങ്ങൾ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട് എന്നതിനാൽ കൃഷി അസിസ്റ്റന്റുമാർ വകുപ്പു തല പരീക്ഷ പാസാകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സർക്കാർ നിരീക്ഷിക്കുന്നു. 4) മേൽ സാഹചര്യത്തിൽ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിൽ നിന്നും കൃഷി അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് Account Test (Lower) വകുപ്പു തല പരീക്ഷ വിജയിക്കണമെന്ന് വ്യവസ്ഥ ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് ഹനീഫ.എം.എം.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
കൃഷി(ഫാംസ്)വകുപ്പ്.
ധനകാര്യ(പി.ആർ.സി-എ)വകുപ്പ്.
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA2/220/2023-AGRI).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ